# അനുഭവക്കുറിപ്പ്.

**[illegible].ടി.കെ.**

1996 സെപ്തംബർ ഇരുപത്തിഒമ്പത്- ഞായറാഴ്ച

ടെലഫോണിന്റെ ശബ്ദം കേട്ടുകൊണ്ടാണ് ഉച്ചയുറക്കത്തിൽ നിന്നും ഞാൻ ഞെട്ടിയെഴുന്നേറ്റത്. റസീവർ കയ്യിലെടുത്തു. ഉറക്കം കെടുത്തിയതിലുള്ള ദേഷ്യത്തോടെ സംസാരിച്ചു തുടങ്ങി....

ഹലോ

ഹലോ-സാറയാ, ഞാൻ ഡെസ്പ് ആണ്. ഡെസ്പ് സമീർ.

നാളെ എപ്പൊ എത്തും?

എപ്പോ എത്തണം?

നിനക്ക് ടെൻഷനൊന്നുമില്ലേ. നീ രാവിലെയൊരു ഏഴ്, ഏഴര-ഒരു കാര്യം ചെയ്യ് താനൊരു എട്ടുമണിക്കെത്തിക്കോ.

ശരി, വേറൊന്നുമില്ലല്ലോ. വെയ്ക്കട്ടെ.

OK

നാളെ നടക്കാനിരിക്കുന്ന കോളേജ് യൂനിയൻ ഇലക്ഷനെകുറിച്ച് അപ്പോഴാണ് ഞാൻ ഗൗരവമായോർത്തത്. രണ്ടാഴ്ച്ചത്തെ പൊടിപാറിയ വോട്ടുപിടുത്തത്തിന് വിരാമമിടാൻ സമയമായി. സുഖമായിരണ്ടാഴ്ച- പുസ്തകം തൊടാതെ, ക്ലാസ്സിന്റെ പടിവാതിൽക്കാണാതെ, എല്ലാവരോടും കത്തിയടിച്ച് നടന്ന ആ ദിവസങ്ങൾ. അതു കഴിഞ്ഞതിലല്ലായിരുന്നു. എനിയ്ക്ക് സങ്കടം.

കിടക്കയിൽ നിന്നെണീറ്റു വെറുതെയൊന്നു ക്ലോക്കിലേക്കു നോക്കി. നാലുമണി. അപ്പോഴാണോർത്തത് ഞായറാഴ്ചയല്ലേ. നമ്മുടെ വിഡ്ഢിപ്പെട്ടിയിൽ സിനിമ ഉണ്ടല്ലോ. ഏതായാലും അതിരുന്നു കാണാം. വെറുതെയിരുന്നാൽ ഇലക്ഷനെ കുറിച്ചോരോന്നാലോചിയ്ക്കും. സിനിമ ഏതായിരുന്നെന്ന് കൃത്യമായ് ഓർക്കുന്നില്ല. ആകെയൊരു, എന്താ പറയ്യാ ടെൻഷനുമല്ല. പേടിയുമല്ല, സന്തോഷവുമല്ല ഇതൊന്നുമല്ലാത്ത ഒരവസ്ഥ. രാവിലെ 8 മണിക്ക് എത്തണമെന്നാണല്ലോ ഡസ്പ് പറഞ്ഞിരിക്കുന്നത്. അന്ന് ഞാൻ നേരത്തെ കിടന്നുറങ്ങി.

സെപ്തംബർ മുപ്പത് തിങ്കളാഴ്ച.

സുബഹ് നിസ്ക്കാരം കഴിഞ്ഞപ്പോൾ മനസ്സിനൊരു ശാന്തത അനുഭവപ്പെട്ടു. സമയം 7.30 ആയി. കൂടെ വരാമെന്നു പറഞ്ഞ സുഹൃത്തുക്കളൊന്നുംതന്നെ എത്തിയിട്ടില്ല. ഇനിയിപ്പോ കോളേജിലെട്ടുമണിയ്ക്കെത്തുകയെന്നതും സാദ്ധ്യമല്ല. ഏകദേശം ഒരു 7.50 ഒക്കെ ആയപ്പോൾ കൂട്ടുകാരികളെത്തി. ഇനിയിപ്പോ ബസ്സുകിട്ടി എപ്പോ എത്തുമോ ആവോ എന്ന ഭയമായിരിന്നു എനിയ്ക്ക്.

ഉപ്പാനോടും, ഉമ്മാനോടും യാത്ര പറഞ്ഞപ്പോൾ -"തോറ്റാലും പ്രശ്നമൊന്നുമില്ല; ആദ്യം അങ്ങനെയൊക്കെത്തന്നെയാണ്". ഇലക്ഷന്റെ കാര്യത്തിൽ മുൻ പരിചയമുള്ള ഉപ്പ പറഞ്ഞു. എന്നാൽ ജയിക്കുമെന്നൊരു പ്രതീക്ഷയായിരുന്നു ഉമ്മന്റെ മുഖത്തപ്പോൾ. ഏതായാലും ബസ്സെല്ലാം പിടിച്ച് കോളേജിലെത്തിയപ്പോൾ സമയം എട്ടര കഴിഞ്ഞു. ചീത്തകൊണ്ട ഭിഷേകമായിരിക്കും. അത് കേൾക്കാൻ തയ്യാറായിക്കൊണ്ടാണ് ഞാൻ കോളേജിലേക്ക് കയറിച്ചെന്നത്. പക്ഷേ എന്തേ നേരം വൈകിയെന്നല്ലാതെ ആരും ഒന്നും പറഞ്ഞില്ല.

രാജാഗേറ്റിനുമുമ്പിൽ എന്റെ പേരെഴുതിയ ബാനർ കണ്ടപ്പോ ഇനിയിപ്പോ എന്തായാലെന്താ എന്നാണാദ്യം തോന്നിയത്. തോറ്റാലെന്താ, ഫാറൂഖാബാദിന്റെ മുന്നിലല്ലേ വെണ്ടക്കാക്ഷരത്തിൽ പേരും പടവും. ഇനിയിപ്പോ എന്തുവേണം. ഇങ്ങനെയോരോന്നാലോചിച്ച് കോളേജിനുള്ളിലേക്ക് നടന്നയെന്നോട് അഷ്റഫ് പറഞ്ഞു. "ഗേറ്റിനടുത്തു തന്നെ നിന്നാമതി. കയറി വരുന്ന ഒരുത്തരെയും വിടരുത്. വോട്ട് ശരിയ്ക്കങ്ങുറപ്പിയ്ക്കണം. ഒരല്പം പ്രതീക്ഷയുണ്ട്. അതുകൊണ്ടാണ് പറയുന്നത്."

എവിടെ പ്രതീക്ഷിക്കാൻ; ഞാൻ മനസ്സിൽ കണക്കുകൂട്ടുകയായിരുന്നു. തോറ്റാലെന്തു പറയുമെന്ന്. ഹൊ! ഇഷ്ടം പോലെ കാരണങ്ങളുണ്ട്. എനിയക്ക് പിടിച്ചു നിൽക്കാൻ. ഫാറൂഖ് കോളേജിൽ ഒരു പ്രീഡിഗ്രി വിദ്യാർത്ഥിനി ജയിക്കുകയോ. ഈ കാരണത്താൽ കോളേജിൽ പിടിച്ചു നിൽക്കാം. പക്ഷെ ഞാൻ തോറ്റ് പെല്ലുന്നതും കാത്തിരിക്കുകയാണ് എന്റെ ഇക്കാക്കമാർ, കളിയാക്കാനായി. അതായിരുന്നു എന്റെ ഏക ഭയം.

പിന്നെ ഒരുപാടുണ്ട് ഇലക്ഷൻ



തമാശകൾ–,കോളേജിനുള്ളിലേക്ക് കയറിവരുന്ന കുട്ടികളോട് നിറഞ്ഞ പ്രതീക്ഷയോടെയായിരിയ്ക്കും സ്ഥാനാർത്ഥികൾ 'അറിയുമോ' എന്ന് ചോദിയ്ക്കുക. അങ്ങനെ വോട്ടുചെയ്യാനായ് പോകുന്ന ഒരു ഒന്നാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥിനിയോട് ഏറെ പ്രതീക്ഷയോടെ ചോദിച്ച എനിയ്ക്കു കിട്ടിയ മറുപടി, എന്റെ എതിർ സ്ഥാനാർത്ഥിയുടെ പേരായിരുന്നു. ഓർക്കണം രണ്ടാഴ്ച 'തത്തമ്മേ പൂച്ച പൂച്ച' എന്ന് പറയുന്നതുപോലെ......

സാറയെന്നാണ് പേര്.

ജോയന്റ് സെക്രട്ടറിയായിട്ടാണ് മത്സരിക്കുന്നത്.

വോട്ടു ചെയ്യണട്ടോയെന്നു പറഞ്ഞ്, പറഞ്ഞ്, പഠിപ്പിച്ച് തൊണ്ട യിൽ വെള്ളമില്ലാതായിരിക്കുന്നു. എന്നിട്ടാണീ അവസാന നിമിഷത്തിൽ അവർ പേര് തിരച്ച് പറയുന്നത്. കഷ്ട മല്ലേയിത്.

അതിലും രസകരമായ 'മറ്റൊരു സംഭവം പർദ്ദയിട്ട് അടങ്ങിയൊതുങ്ങി രണ്ട് പെൺകുട്ടികൾ എന്റെ എതിർവ ശത്തുകൂടി നടന്നുപോകുന്നു. അയ്യോ വിലയേറിയ രണ്ടു വോട്ടുകൾ. ഞാൻ ഓടിച്ചെന്നു. പതിവുപോലെ 'അറി യില്ലേ'എന്നു ചോദിക്കുകയും ചെയ്തു. അവരിൽ നിന്നും യാതൊരു പ്രതികരണവും കാണാഞ്ഞപ്പോ ഞാനൊന്നു സംശയിച്ചു. "നിങ്ങൾ വോട്ടുചെയ്തോ?" എന്ന് വീണ്ടും ചോദിച്ചു. ആളെ കളിയാക്കുന്ന ഒരു ചിരിയോടെ അവർ പറഞ്ഞു. "ഞങ്ങൾ അറബികോളേജിലാണെന്ന്." ഹൊ! എന്റെ കുട്ടികളെ ഈ വിവരം നേരത്തെ പറയാമായിരുന്നില്ലേ എന്ന് ചോദിയ്ക്കണമെന്നു കരുതിയെങ്കിലും ചോദിച്ചില്ല. ഞാൻ ചമ്മിയതുകൊണ്ടു മാത്രമല്ല ചോദിയ്ക്കാതിരുന്നത്, മറുഭാഗത്തുകൂടി പോകുന്ന എന്റെ വിലയേറിയ വോട്ടുകൾ.

ഞാനാവോട്ടുകൾക്ക് പിന്നാലെ പാഞ്ഞു. തൽക്കാലം അവരോട് മറുപടി പറയാൻ എനിയ്ക്ക് സമയമുണ്ടായിരുന്നില്ല.

കോളേജിലേയ്ക്ക് കയറിവരുന്ന കുട്ടികളെ പറഞ്ഞിട്ടും കാര്യമില്ല. കാരണം രാജാഗേറ്റിന്റെ അവിടെ നിന്നു തന്നെ തുടങ്ങും തലങ്ങും, വിലങ്ങും സ്ഥാനാർത്ഥികൾ. ഇവരുടെ ശല്യം കാരണം ഓടി രക്ഷപ്പെടുന്ന പാവം വിദ്യാർത്ഥികളിൽ ചിലർക്കെങ്കിലും ഇലക്ഷന് വന്നത് അബദ്ധമായെന്ന് തോന്നുന്നുണ്ടാവും. ചിലർക്കൊക്കെ ഒരു ഹരവുമായിരിയ്ക്കും.

അങ്ങനെ രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് 12.30വരെയുള്ള വോട്ടിംഗ് സമയം കഴിയാനായിരിയ്ക്കുന്നു. കൂട്ടത്തിൽ ഞാനും പോയി വോട്ടു ചെയ്തു. ആകെയൊരു തപ്പിപ്പെഴ. എന്നെക്കാളും ടെൻഷൻ അനുഭവിച്ചത് എനിയ്ക്കുവേണ്ടി തലങ്ങും വിലങ്ങും നടന്ന് പ്രവർത്തിച്ച എന്റെ കൂട്ടുകാരികൾക്കായിരിക്കും. വോട്ടിംഗ് സമയം കഴിഞ്ഞു. 'എക്സ്പോ' എന്ന സ്റ്റാറ്റിസ്റ്റിക്കൽ സർവേയുടെ റിസൾട്ട് വന്നാൽ ഭക്ഷണം കഴിക്കാൻ പോകാമെന്നു കരുതിയിരിക്കുകയായിരുന്നു ഞങ്ങൾ. ടെൻഷൻ കാരണം രാവിലെയൊന്നും കഴിയ്ക്കാൻ പറ്റാതിരുന്നതിനാൽ ഉച്ചയ്ക്ക് എല്ലാവർക്കും നല്ല വിശപ്പായിരുന്നു.

അതിനിടെ എന്റെ ദാഹമൊന്നു ശമിപ്പിക്കാനായി ഞാനും എന്റെ ഒരു സുഹൃത്തുംകൂടി മുത്തുവിന്റെ കൂൾബാറിൽ കയറി. ഓരോ പൈനാപ്പിൾ ജ്യൂസ് പറഞ്ഞു. അപ്പോ അതായിരിക്കുന്നു അടുത്ത സീറ്റിൽ അബുവും ഹാരിസും കാര്യമായ എഴുത്തുകുത്തുകളൊക്കെ നടക്കുന്നുണ്ട്. എന്താ അബു വല്ല അപ്ലിക്കേഷനും ആണോ എന്ന് ചോദിച്ച എന്നോട് ജ്യൂസ് കഴിച്ചിട്ടങ്ങോട്ട് ചെല്ലാൻ പറഞ്ഞു. പൊതുവെ ചിരിയും, തമാശയും മുഖമുദ്രയായിട്ടുള്ള അബുവിന്റെ മുഖത്ത് ഒരു ഗൗരവം കണ്ടപ്പോൾ എനിയ്ക്കൊരു ഭയം. എന്തായാലും കേൾക്കാൻ തയ്യാറായ് ചെന്നയെന്നോട് അവൻ പറഞ്ഞു.

"നീ ടെൻഷനടിക്കരുത് ഞങ്ങൾ ഒരു സർവേ നടത്തി. അതിൽ തന്റെ എതിർസ്ഥാനാർത്ഥി പ്രസീനയാണ് മുന്നിൽ" കൂടാതെ എന്നെ സമാധാനിപ്പിയ്ക്കാൻ അവർ ഇതും കൂട്ടിച്ചേർത്തു. "ഞങ്ങൾ ഹോസ്റ്റലിലേയ്ക്ക് പോയവരുടെ മാത്രമാണെടുത്തത്. അവൾ ഹോസ്റ്റലിലല്ലേ അതുകൊണ്ടായിരിക്കും അവൾ മുന്നിൽ."

കുടിച്ച ജ്യൂസ് അപ്പാടെ ഇറങ്ങി





പ്പോയി. അപ്പോൾ മുതൽ ഒരല്പം ടെൻഷൻ ഇല്ലാതിരുന്നില്ല. തോറ്റാൽ നാണക്കേട്. ഇക്കമാരെ മുഖത്ത് ഞാനെങ്ങനെ നോക്കും. പിന്നെ അതൊന്നും ചിന്തിച്ചില്ല. ഫാറൂഖ് കോളേജിലെ അവസാനത്തെ കൊല്ലമല്ലെ.എന്തായാലും ജോലി ആക്കുക തന്നെ.

അപ്പോഴാണ് എല്ലാവരും കൂടി ആർത്തുവിളിച്ച് ആകാംക്ഷയോടെ ന്യൂബ്ലോക്കിന്റെ നോട്ടീസ് ബോർഡിന്റെയടുത്തേക്ക് ഓടുന്നത് കണ്ടത്. ഞാൻ കാര്യം തിരക്കി. റിയാസ് പറഞ്ഞു എക്സ്പോന്റെ റിസൾട്ട് വന്നു. നീയാണ് മുന്നിൽ അധികം പൊന്തണ്ട. തകിടം മറിയാനും സാധ്യതയുണ്ട്. എങ്കിലും നിമിഷനേരത്തെങ്കിലും ജയിച്ചതിന്റെ സന്തോഷത്തിൽ ഞങ്ങൾ ഭക്ഷണം കഴിക്കാൻ പോയി.

അതിനുശേഷം വെറുതെ കാമ്പസ്സിൽ ചുറ്റുകയായിരുന്നു. റിസൾട്ട് പുറത്തു പറയാനുള്ള സമയം അടുത്തിരിയ്ക്കുന്നു. ഒരു വിധമെല്ലാം വന്നു കഴിഞ്ഞു. മറ്റുള്ളവരുടെ അറിയാൻ തുടങ്ങിയതുമുതൽ എന്റെ ടെൻഷൻ കൂടുകയായിരുന്നു. സുവോളജി ഡിപ്പാർട്ടുമെന്റിന്റെ പടികളിലായിരുന്നു ഞാനും എന്റെ സുഹൃത്തക്കളുമിരുന്നത്. എന്റെ റിസൾട്ട് ഇനിയും വൈകിയാൽ ഞാൻ ഹൃദയസതംഭനം വന്നു ചത്തുപോകുമെന്ന അവസ്ഥയായിരുന്നു. മുഖത്തെ ആ പതർച്ച കണ്ടിട്ടോ എന്തോ അപ്പുറത്തെ തൂണിൽ ചാരി റിസൾട്ട് വെയ്റ്റ് ചെയ്ത് നിൽക്കുന്ന കപ്പാസി എന്നെ വിളിച്ചു പറഞ്ഞു. 'ടെൻഷനടിക്കാതെടോ, താൻ തന്നെ ജയിക്കും.' വെറും സാന്ത്വനവാക്കുകൾ മാത്രമാണതെന്ന് എനിയ്ക്കറിയാമായിരുന്നു.

ബാക്കിയുള്ളവരുടെയെല്ലാം റിസൽട്ട് വന്നു. ആകെയുള്ള ഒൻപത് സീറ്റുകളിൽ 4 എണ്ണം എസ്. എഫ്. ഐയ്ക്കും 4 സീറ്റ് എം. എസ്. എഫിനും കിട്ടിയിരിക്കുന്നു. ഇനി ആകെ പറയാനുള്ളത് എന്റേതുമാത്രമാണ്. എന്റെ കൂട്ടുകാരികളുടെ അവസ്ഥ എന്നെക്കാൾ ദയനീയമായിരുന്നു. അവർ പരസ്പരം സമാധാനിപ്പിയ്ക്കുകയായിരുന്നു. റിസൽട്ട് പറയുന്ന സ്ഥലത്ത് കൂട്ടം കൂടി നിൽക്കുന്ന എന്റെ സുഹൃത്തുക്കളുടെ ഇടയിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ട് നിൽക്കുകയായിരുന്നു ഞങ്ങൾ.

ഒടുവിൽ എന്റെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് ആ കൂട്ടത്തിൽവെച്ച് നീണ്ടു കാണുന്ന തല, അതെ സെൻഹർ തന്നെ അവൻ എന്നെ ചൂണ്ടിക്കൊണ്ട് 'താൻ തന്നെ' എന്ന് ആഗ്യം കാണിച്ചു.

ഹൊ! ആ നിമിഷം- ആ നിമിഷത്തെയെന്റെ അവസ്ഥയെക്കുറിച്ചെഴുതാൻ ഇന്നീ ഈ തൂലിക അശക്തയാണ്. ആർത്തിരമ്പിക്കൊണ്ട് എല്ലാവരും വിജയം ആഘോഷിച്ചു. പിന്നെ ജയ് വിളികളും, ആകെ ബഹളമായിരുന്നു. ഒരു ആഹ്ലാദപ്രകടനം നടത്താനായി ചിലർ വട്ടം കൂടി. ജയിച്ച സ്ഥാനാർത്ഥികൾക്ക് ചുവപ്പ് റിബണും ഒരു പൂമാലയും അണിയിച്ച് മുന്നിലായ് നടത്തിച്ചു. ജാഥയ്ക്കിടയിൽ വെറുതെയൊന്ന് മാലയിലേയ്ക്ക് നോക്കിയ ഞാൻ കണ്ടതൊരു പുഴുവിനെയായിരുന്നു. അയ്യോ. എങ്ങാനും ദേഹത്തുകയറിയാൽ. ഇതിനകം ഒരു ചുറ്റൽ കഴിഞ്ഞ പ്രകടനത്തിൽ നിന്നും പതുക്കെ മാലയൂരിവെച്ച് ഞാൻ തടിതപ്പി.

പിന്നീടുള്ള ദിവസങ്ങളിൽ കാണുന്നവരൊക്കെ ട്രീറ്റു ചോദിക്കലായിരുന്നു. എല്ലാവരോടും ഓരോ ഒഴിവു കഴിവുകൾ പറയേണ്ടിവന്നു. കാരണം ഫാറൂഖ് കോളേജിലുള്ള എല്ലാവർക്കും ഞാൻ ചെലവ് ചെയ്താൽ താമസിയാതെ 'തറവാട് കുടുംബമായി പോയെന്നേ'.


അങ്ങനെ പടച്ചവന്റെ കാരുണ്യം കൊണ്ടും എന്റെ സുഹൃത്തുക്കളുടെയെല്ലാവരുടേയും സഹായംകൊണ്ടും ഒട്ടും പ്രതീക്ഷിക്കാതെ ഞാൻ ഫാറുഖാസിദിന്റെ ജോയന്റായി.

●



# MY GAINS FROM NCC

DEEPAK M.R.



My dream came true when I was selected for the prestigious REPUBLIC DAY NCC CAMP, to be held at Delhi during January '97. Even though the training was vigrous and the selection tough, I was determined to overcome the difficulties. I had been selected as the BEST NAVAL CADET from Kerala.

There were 98 of us including 26 girls. We started forth to Delhi on the New year Day, on the Kerala Express. It was an unforgetable jurney. We reached Delhi on 3rd January andalighted from the train in a happy mood. At last, we were in Delhi. This is the ultimate dream of all NCC cadets & we were the chosen ones. For 2 days, we were busy settling down in our new barracks. The camp started with the inaugral address of the officiating DC NCC Maj. Gen. Naresh Chand After that, all competition started in earnest, between the 16 NCC Directorates of our country.

On 17th January, we witnessed a very impressive show by the Army and also saw a ground display of the Army's fire power. It was the ARMY DAY. We also witnessed the grand fnate on 26th January on the Rajpath. It was a spectacular scene, very different from that we see on our TV sets. The next day we went to the Rashtrapathi Bhavan. I'll never forget the moment, when I shook hands with the President, Dr Shankar Dayal Sharma.

On 27th, I recieved the prestigious Prime Minister's Baton also the All India gold for the Best Naval NCC Cadet. It was the biggest day of my life.

Lastly, a message to all readers. The NCC has many benefits waiting to be reaped. It's there for every one who is interested. You will get to sail in boats, Wind-Surf, glide and meet many distinguished personalities through NCC.

# നാടൻ പാട്ടുകൾ

*കേരളീയർക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന സൗഭാഗ്യങ്ങളിലൊന്നാണ്, ഒരു കാലത്ത് നമ്മുടെ ജീവിതത്തിന്റെ തുടിപ്പായിരുന്ന നാടൻ പാട്ടുകൾ. പാടിത്തരുവാൻ മുത്തശ്ശിമാരും, ഏറ്റുപാടാൻ നമുക്ക് സമയവും ഇല്ലാതായതോടുകൂടി ആ പഴം പാട്ടുകളുടെ കാലം പോയി. അല്ലെങ്കിൽ ഞാറുനടാൻ പോലും യന്ത്രമായി കഴിഞ്ഞ നമുക്കിനി ഞാറ്റുപാട്ടുകളെന്തിന്?*

*നിഷ്കളങ്കത മുറ്റിനിൽക്കുന്ന, ഫലിതത്തിൽ പൊതിഞ്ഞ ചില പാട്ടുകളിതാ. ഇന്നിന്റെ മാറ്റം കണ്ട് അമ്പരന്നു നിൽക്കുന്ന, മനസ്സിന്റെ അടിത്തട്ടിൽ ആ പാട്ടുകളെ ഇന്നും താലോലിക്കുന്ന കുറച്ചാളുകളിൽ നിന്നും കിട്ടിയതാണിവ.*

(1)


വെള്ളപ്പം നാട്ടില് വെളുത്തേടത്തില്ലത്ത്
വെള്ളാട്ടി പെറ്റൊരു വേശിപ്പെണ്ണ്
കണ്ടാലും നന്നവൾ കേട്ടാലും നന്നവൾ
ഉണ്ടായേ പിന്നെ കുളിച്ചിട്ടില്ല.

കാര്യമെത്തി അവൾ വീര്യമെത്തി അവൾ
നേടിക്കൊണ്ടന്നൊരു ചീരവിത്ത്.
കൊച്ചിൽ തടം മാട്ടി കൊയിലാണ്ടി വേരൂന്നി
പട്ടാമ്പിമുറ്റത്തു മുളച്ചുപൊന്തി.

ആരാരു നുള്ളണം ചെഞ്ചീര
അമ്മായി വന്നിട്ട് നൃത്തം കുലുങ്ങിട്ട്
അങ്ങനെ നുള്ളണം ചെഞ്ചീര.

ആരാരരിയണം ചെഞ്ചീര
അമ്മായിയരിയണം ചെഞ്ചീര
എങ്ങനെ വെയ്ക്കണം ചെഞ്ചീര
വടക്കോറത്തു നിൽക്കുന്ന ചെന്തെങ്ങിന്റെ
ഇളങ്കുല പൂങ്കുല നന്നിങ്ങ
തളപ്പിട്ട് കയറി ചെത്തിയിറക്കി
കൊത്തിപ്പൊളിച്ച് മുട്ടിയൊടച്ച്
കുറുകുറെ ചിരകി നീട്ടിയരച്ച്
കലക്കിയൊഴിച്ച് അങ്ങനെ വെയ്ക്കണം ചെഞ്ചീര.

ആരാർ കൂട്ടണം ചെഞ്ചീര
അമ്മാവൻ കൂട്ടണം ചെഞ്ചീര
പാടെ പോണ പട്ടരച്ചനെ
മാടി വിളിക്കുന്നു ചെഞ്ചീര
വഴിയെ പോണ നമ്പൂര്യച്ചനെ
മാടി വിളിക്കുന്നു ചെഞ്ചീര
ഉറിയിലിരിക്കുന്ന പഴയരി-
ച്ചോറിനോടങ്കം വെട്ടുന്നു ചെഞ്ചീര.



(2)

താനാതനതന താനാതനതന
താനാതനതന തന്തിന്നാരോ
ഒരു ചാലുഴുതില്ല ഒരു വിത്തു വിതച്ചില്ല
താനെ മുളച്ചല്ലോ പൊൻതകര
താനാ തനതന.....
ഉപ്പെട് മുളകെട് വെങ്കായകായെട്
അകരമുറിച്ചൊരു കറിയുണ്ടാക്ക്.
താനാതനതന....

അപ്പൂപ്പനമ്മാവൻ അയലത്ത കേളുവേട്ടൻ
വടക്കേലെ നാണിക്കും വിരുന്നൊരുക്ക്
താനാ തനതന.....

കുംഭമാസം കഴിഞ്ഞല്ലോ തകരയും തീർന്നല്ലോ
ഇനിയെന്തുചെയ്യും പെരും കുടലേ
താനാ തനതന.....

ആറാറുമടക്കിട്ട് അറുപത് കുരുക്കിട്ട്
അനങ്ങാതെ കിടന്നോ പെരും കുടലേ.
താനാ തനതന....

(3)

നേരം പോയ് നേരം പോയ്
പൂക്കൈതെ മറപറ്റി
കാനം കോഴി കൊളക്കോഴി
തത്തി തത്തി ചാടുന്നേ!
നേരം പോയ നേരത്തും
കൊല്ലാക്കൊല ചെയ്യീണേ!
അരമൂറികരിക്കും തന്നേ
കൊല്ലാക്കൊല ചെയ്യീണേ!
അരത്തൊണ്ടുകള്ളും തന്നേ
കൊല്ലാക്കൊല ചെയ്യീണേ!
ഏനിവിടെ വന്നപ്പം - വന്നപ്പം
ഈടില്ല മൂടില്ല...
ഏനിവിടെ വന്നേപ്പിന്നെ
കെട്ടാപ്പുര കെട്ടിച്ചേ.
നേരം പോയ് നേരം പോയ്
പൂക്കൈതെ മറപറ്റി
കാതം കോഴി കൊളക്കോഴി
തത്തി തത്തി ച്ചാടുന്നേ!



(4)

ഒരപ്പം തിന്നാലും
നെയ്യപ്പം തിന്നണം
നെയ്യപ്പം തിന്നാൽ
രണ്ടുണ്ടു കാരിയം
മുത്തിയും മിനുക്കാം
മുടിയും മിനുക്കാം.

ഒരുത്തനെ പിടിച്ചാലും
കരുത്തനെ പിടിക്കണം
ഒരുകമ്പേ പിടിച്ചാലും
പുളിങ്കമ്പേ പിടിയ്ക്കണം.

ഒന്നാം മലകേറി
ചെന്നപ്പോഴേ കിളി
തേനെടുത്താം കിളി
കതിരെടുത്താം കിളി
തേനും കൊണ്ടക്കിളിതാലോലം
തങ്കത്തി തറുകത്തി
താലോലം കിളി
താലോലം കിളി താലോലം

(5)

റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മാമാങ്കവേലകണ്ടു?
വേലയും കണ്ടു വിളക്കും കണ്ടു
വച്ചത്തിൽ നിരകണ്ടു ഓട കണ്ടു.
പച്ചത്തിച്ചാഞ്ഞ ചാൺ ചെന്തിങ്ങിന്മേൽ
കടന്നലും കണ്ടു കടന്തകൂടം കണ്ടു
കടന്തലെ പിടിപ്പാൻ മിടുക്കുള്ളോരു
തച്ചോളി വീട്ടിലെ പിള്ളേരുണ്ടേ.
പിള്ളേരെ വിളിപ്പാൻ രണ്ടാളയച്ചു.
പിള്ളേരും വന്നല്ലോ പോയോരും വന്നു.
പട്ടുമുടുത്തു പടച്ചട്ടയിട്ട്
ഈർക്കിൽ കരയനും തോളിലിട്ട്
കടന്നൽ പിടിച്ചവർ കൂട്ടിലിട്ട്
കടത്തനാട്ടെ തമ്പ്രാന് കാഴ്ചവെച്ചു.

(6)

നിങ്ങളുടെ നാട്ടിലൊക്കെയെന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ കട്ടതല്ലലാണെടോ പണി

കട്ടതല്ല ലെങ്ങിനെടി മോതിരക്കുറത്തി?
കട്ടതല്ലല് ഇങ്ങനെ പിന്നങ്ങനെ പിന്നിങ്ങനെ.

നിങ്ങളുടെ നാട്ടിലൊക്കെയെന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ വിത്തിടലാണെടോ പണി.
വിത്തിടലെങ്ങനെടി മോതിറക്കുറത്തി?
വിത്തിടലിങ്ങനെ പിന്നങ്ങനെ പിന്നിങ്ങനെ

നിങ്ങളുടെ നാട്ടിലൊക്കെയെന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ ഞാറു നടിലാണെടോ പണി.
ഞാറുനടീലെങ്ങനെടി മോതിരക്കുറത്തി?
ഞാറു നടീലിങ്ങനെ പിന്നങ്ങനെ പിന്നിങ്ങനെ.


നിങ്ങളുടെ നാട്ടിലൊക്കെ എന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ കള പറിയ്ക്കലാണെടോ പണി.
കളപറിയ്ക്കലെങ്ങനെടീ മോതിരക്കുറത്തീ?
കളപറിയ്ക്കലിങ്ങനെ പിന്നങ്ങനെ പിന്നിങ്ങനെ
നിങ്ങളുടെ നാട്ടിലൊക്കെ യെന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ നെല്ലുകൊയ്യലാണെടോ പണി.

നെല്ലുകൊയ്യലെങ്ങനെടി മോതിരക്കുറത്തി?
നെല്ലുകൊയ്യലിങ്ങനെ പിന്നങ്ങനെ പിന്നിങ്ങനെ.
നിങ്ങളുടെ നാട്ടിലൊക്കെ എന്തെല്ലാമാണെടോ പണി?
ഞങ്ങളുടെ നാട്ടിലൊക്കെ നെല്ലുമെതിയാണെടോ പണി.
നെല്ലുമെതി എങ്ങിനെടീ മോതിരക്കുറത്തീ?
നെല്ലുമെതി ഇങ്ങിനെ പിന്നങ്ങനെ പിന്നിങ്ങനെ.

(7)

**അടിച്ചുവാരിയ മണപ്പുറത്ത്**
**മുളച്ചുപൊന്തി കുമ്പളം**
**ഞങ്ങളുടെ കുമ്പളത്തിന്**
**തടം മാടണം കണ്ടവരേ**
**ഞങ്ങളുടെ കുമ്പളത്തിന്**
**മുക്കി നനക്കണം കണ്ടവരേ.**

ഞങ്ങളുടെ കുമ്പളത്തിന്
ആദ്യമിട്ടത് ആമ്പൂല്.
ആദ്യം കായ്ച്ച കുമ്പളങ്ങ
വിത്തിനു നിർത്തണം കണ്ടവരേ.
പിന്നെ കായ്ച്ച കുമ്പളങ്ങ
മനക്കല് കൊടുക്കണം കണ്ടവരേ.
പിന്നെ കായ്ച്ച കുമ്പളങ്ങ
കൂട്ടാൻ വയ്ക്കണം കണ്ടവരേ.



തൈരുവീഴ്ത്തി വച്ചാലോ പിന്നെ
തകൃതിപ്പെടും കറി കുമ്പളങ്ങ.
ഉപ്പും മുളകും കൂട്ടി വച്ചാലോ പിന്നെ
കുപ്പയിലൊഴിക്കണം കുമ്പളങ്ങ.
വെളിച്ചെണ്ണ വീഴ്ത്തി വച്ചാലോ
വെളിച്ചപ്പെടും കറി കുമ്പളങ്ങ.
നല്ലെണ്ണ വീഴ്ത്തി വച്ചാലോ
കറി നല്ലോണം കൂട്ടാം കുമ്പളങ്ങ.

(8)

ചീകിത്തിരുകിയ പീലിത്തിരുമുടി–
യെങ്ങനലിഞ്ഞിതെടി കുറത്തീ.

ഇല്ലില്ലം കാവിലൊരില്ലിയ്ക്കു പോയപ്പം
മുള്ളാലലിഞ്ഞിതെടാ കുറവാ!

നെറ്റിയ്ക്കു തൊട്ടോരു ചന്ദ്രവർണ്ണക്കുറി
യെങ്ങിനെ പോഞ്ചിനെടി കുറത്തീ?

വഴിയോ നടന്നിട്ടും വെയിലേറെക്കൊണ്ടിട്ടും

വേർപ്പിലെ പോയിതെടാ കുറവാ!
മൂക്കേ കിടന്നൊരു മൂക്കാണി മുക്കുത്തി–
യെങ്ങനെ പോഞ്ചിനെടീ കുറഞ്ഞീ?

മൊന്തയിൽ നീർവെള്ളം കോരികുടിച്ചപ്പം
അങ്ങനെ പോഞ്ചിനെടാ കുറവാ.

ചുണ്ടപ്പഴം പോലിരുന്നൊരു ചുണ്ടിന്റെ
ചന്തം കുറഞ്ഞതെന്തേ കുറത്തി?
അമ്പുക വീട്ടിലെ ചക്കര മാവേലെ
മാങ്ങ കടിച്ചിതെടാ കുറവാ.
കഴുത്തേക്കിടന്നൊരു കനകവളമുത്ത്
എങ്ങിനെ പോഞ്ചിനെടി കുറഞ്ഞീ?
കാട്ടിക്കുറും കുറ്റി ചുറ്റിപ്പിഴുതപ്പം
പൊട്ടിച്ചു പോഞ്ചിനെടാ കുറവാ.

ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ
പഞ്ചവർണ്ണക്കിളിയേ കുറത്തീ.

# പത്തുദിനങ്ങൾ നല്കിയ മയിൽ പീലിത്തുണ്ടുകൾ

സജ്നാ എം.പി.

ഒരു ക്യാമ്പ്! എന്താ ഞാനതേക്കുറിച്ച് എഴുതുക? ഒരുകാര്യം എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും. എന്താണെന്ന് വച്ചാൽ അതെന്റെ ജീവിതത്തിലെ ആദ്യത്തെ അനുഭവമായിരുന്നു. ഒരു പാട് ഉത്കണ്ഠയോടും ആകാംക്ഷയോടും കൂടിയാണ് ഞങ്ങൾ അഞ്ചുപേർ ജൂലായ് പതിനൊന്നാം തീയതി രാവിലെ വെസ്റ്റ്ഹില്ലിലെ ഞങ്ങളുടെ യൂണിറ്റിലേക്ക് പുറപ്പെട്ടത്. ഞങ്ങൾ ഒരു ദിവസം വൈകി എത്തിയതുകൊണ്ട് ഞങ്ങളെ എതിരേൽക്കാനെന്നപോലെ എസ്.എൻ.ജി. കോളേജിലേയും, മേഴ്സ് കോളേജിലെയും സർ സയ്യിദ് കോളേജ് തളിപ്പറമ്പിലെയും കേഡറ്റുകൾ അവിടെയുണ്ടായിരുന്നു. ഞങ്ങളുടെ ക്യാമ്പ് എലത്തൂരിൽ വച്ച് നടത്താനായിരുന്നു തീരുമാനിച്ചത്. പക്ഷേ അവിടെ വെള്ളപ്പൊക്കം കാരണം അത്തോളിയിലേക്ക് ക്യാമ്പ് മാറ്റി. എൻ.സി.സി. കേഡറ്റുകൾ കൈയിൽ കരുതേണ്ട സകല സാധന സാമഗ്രികളോടെ (അതായത് പ്ലേറ്റ്, ഗ്ലാസ്, വിരി, മഗ് ഇവ ഏറ്റവും അത്യാവശ്യസാധനങ്ങളും, പിന്നെ മറ്റു സാധനങ്ങൾ ഏറ്റവും പ്രധാനമായി യൂണിഫോമും) ഞങ്ങൾ അത്തോളിയിലെ ജി.വി.എച്ച്.എസ്. സ്കൂളിലേക്ക് താമസം മാറ്റി. അന്ന് ഞങ്ങൾക്ക് കാര്യമായി ഒന്നും ചെയ്യാനില്ലായിരുന്നു. ഹാവു! ആദ്യത്തെ പിരിമുറക്കം അയഞ്ഞു.

പൈഡ്പൈപ്പർ കുഴലൂതുന്നതു പോലെ സി.സി.യുടെ പൈപ്പ് വിളിയുണ്ട്. സാങ്കേതിക പദത്തിൽ പറഞ്ഞാൽ hands call. ആ ശബ്ദം കേൾക്കുന്നതോടെ ഒരു എൻ.സി.സി. കേഡറ്റിന്റെ കർമ്മനിരതമായ ഒരു ദിനം ആരംഭിക്കുകയായി. പക്ഷേ അതിനുമുമ്പ് തന്നെ ഞങ്ങൾ ഒരുങ്ങിക്കഴിയും. ദിനകൃത്യങ്ങളും hands to teaയും കഴിഞ്ഞ് പി.റ്റി. പരേഡ് ആണ്. അത് കഴിഞ്ഞാൽ വ്യായാമം. തുടർന്ന് പ്രഭാത ഭക്ഷണത്തിനായി ഒരു ചെറിയ ഇടവേള. മോശമില്ലാത്ത ഭക്ഷണമായിരുന്നു ഞങ്ങൾക്കു കിട്ടിയിരുന്നത്. ഇതിനിടയ്ക്ക് 'കളർ' എന്ന് പറയുന്ന ഒരു ചടങ്ങുണ്ട്. അതായത് പതാക ഉയർത്തുമ്പോഴോ താഴ്ത്തുമ്പോഴോ കേഡറ്റുകൾ ആരെങ്കിലും അതിലൂടെ കടന്നു പോവുകയാണെങ്കിൽ അറ്റൻഷനായി സല്യൂട്ട് ചെയ്യണം. യൂണിഫോമിലല്ലെങ്കിൽ അറ്റൻഷനായി നിന്നാൽ മതി. തുടർന്ന് ഡ്രിൽ അഥവാ പരേഡ്. പിന്നെ കുറച്ച് നേരം ക്ലാസ്സുകൾ എടുക്കും. അത് കഴിഞ്ഞ് ഉച്ചഭക്ഷണത്തിനായി ഇടവേള. പിന്നെ സാമൂഹ്യസേവനം. അതായിരുന്നു ഏറ്റവും രസകരം. സാമൂഹ്യസേവനത്തിനലൂടെ ഞങ്ങൾ പുതിയ സൗഹൃദയങ്ങൾ കെട്ടിപ്പടുക്കുകയായിരുന്നു. ആ സമയത്തൊക്കെ ഒരു ചട്ടക്കൂട്ടിൽ നിന്ന് പുറത്തുകടന്ന പ്രതീതിയായിരുന്നു ഞങ്ങൾക്ക് കാലത്തിന്റെ ഗതി വേഗത്തിൽ കൈമോശം വരാതെ സൂക്ഷിക്കാൻ കഴിയുന്നത് സൗഹൃദത്തിന്റെ ആ വർണ്ണമയിൽ പീലിത്തുണ്ടുകൾ മാത്രം! പിന്നെ വൈകുന്നേരം റോൾകോൾ പരേഡ് ആണ് അതായത് ഞങ്ങളുടെ സെൻസസ് എടുക്കുന്നു. പിന്നെ രാത്രി അത്താഴം കഴിഞ്ഞാൽ കലാപരിപാടികൾ ആരംഭിക്കുകയായി. ഒരു പേടകം നിറയെ പുതിയ അനുഭവങ്ങൾ. അതായിരുന്നു ഞങ്ങളുടെ കലാപരിപാടികൾ ഞങ്ങൾക്ക് നല്കിയത്. ഒരിക്കൽ പോലും വേദിയിൽ കയറിയിട്ടില്ലാത്തവർ. സദസ്യരെ കണ്ടാൽ മുട്ടുവിറയ്ക്കുന്നവർ അങ്ങനെ പലരും ആ ദിവസങ്ങളിൽ അങ്ങനെയല്ലായിരുന്നു എന്നു പറഞ്ഞാൽ അവിശ്വസനീയമാണ്. പലകലകളും, അതായത് പ്രാദേശികവും. ദേശീയവും അന്തർദേശീയവുമായ കലകൾവരെ അവതരിപ്പിക്കപ്പെട്ടു. ഫാറൂഖ് കോളേജിൽ നിന്നുള്ള ഞങ്ങളുടെ പരിപാടികൾ വളരെ നന്നായിരുന്നു എന്ന് ഓഫീസേഴ്സ് പറഞ്ഞപ്പോൾ അഭിമാനം കൊണ്ട് എന്റെ ഹൃദയം നിറഞ്ഞു. ഒരു കൂട്ടായ്മയുടെ ഒറ്റക്കെട്ടായ പ്രവർത്തനത്തിന്റെ അനന്തര ഫലമായിരുന്നു ആ അഭിനന്ദനവാക്കുകൾ എന്ന് പറയാതെ വയ്യ. ജി.വി.എച്ച്.എസ്.ലെ കൊച്ചുകുട്ടുകാർ ഞങ്ങൾക്ക് ഒരുപാട് സഹായങ്ങൾ ചെയ്തുതന്നു. അവ ഒരിക്കലും മറക്കാൻ വയ്യ. ഓരോ കുഞ്ഞനുഭവങ്ങൾ നാളെയുടെ അടിത്തറ പണിയുകയായിരുന്നു. അങ്ങനെ ആറുനാൾ ആറു നിമിഷങ്ങൾപോലെ കടന്നുപോയത് ഞാനറിഞ്ഞില്ല.

പതിനേഴാംതി വ്യാഴാഴ്ച നബിദി

നമായിരുന്നു. മാനവരാശിയുടെ നന്മയ്ക്കായി ജനിച്ച നബിയുടെ സ്മരണ ഞങ്ങൾ പുതുക്കി. അന്ന് ഒട്ടേറെ പരിപാടികൾ അവതരിപ്പിക്കപ്പെട്ടു. അന്നായിരുന്നു 'മിനി' എന്ന ഡോക്യുമെന്ററി ഫിലിം ഞങ്ങൾക്ക് കാണിച്ചുതന്നത്. അങ്ങനെ പതിനെട്ടാം തീയതി കടന്നുവന്നു. അന്ന് മദ്യ നിരോധനത്തെപറ്റി ഒരു ബോധവത്കരണ ക്ലാസ് ഡോ. മണിലാൽ നടത്തി. അതിന്റെ ഭാഗമായി 'സുരക്ഷ' ഹോസ്പിറ്റൽ ഞങ്ങൾ സന്ദർശിച്ചു. ലഹരിക്കടിപ്പെട്ട് തങ്ങളുടേതായ ഒരു മായാലോകത്തേക്ക് പറന്നുപോകുന്ന ഒട്ടേറെ നിർഭാഗ്യരെ ഞങ്ങൾകണ്ടു. ദൈവമേ, സ്വയം വരുത്തിവെച്ച വിനയുടെ അനന്തരഫലങ്ങൾ എത്ര ഭയങ്കരമാണ്! ഒരുപാട് നോവിക്കുന്ന ഓർമ്മകളും ചിന്തിക്കാനുള്ള വകകളും നല്കി പതിനെട്ടാംതിയതി കടന്നുപോയി.

ജൂലായ് പത്തൊൻപത്! അന്നായിരുന്നു സമാപനദിന ചടങ്ങുകൾ നടന്നത്. അന്ന് ഒരുപാട് മത്സരങ്ങൾ നടന്നു. വിജയികൾക്ക് സമ്മാനദാനവുമാണ്ടായിരുന്നു. സമ്മാനം എന്തായിരുന്നുന്നറിയ്യോ! എല്ലാവരും ഇഷ്ടപ്പെടുന്ന മധുരം അഥവാ മിഠായികൾ! ഏറ്റവും അവസാനമായിരുന്നു ക്യാമ്പ് ഫയർ!

ക്യാമ്പ് ഫയർ! അതേപറ്റി യാതൊരു മുൻധാരണയും എനിക്കില്ലായിരുന്നു. ഏതോ പ്രാചീന ആഫ്രിക്കൻ ഗോത്രവർഗ്ഗങ്ങളുടെ സംഘനൃത്തത്തെപറ്റിയാണ് എനിക്ക് ആ വാക്ക് കേട്ടപ്പോൾ ഓർമ്മവന്നത്. അത് ഏകദേശം ആ മട്ടിലായിരുന്നുതാനും. കുറെ തീ കത്തിച്ച് അതിനുചുറ്റം എല്ലാവരും ഇരുന്ന് പാട്ടുപാടുകയും നൃത്തം ചെയ്യുകയും വേണം. അത് എന്റെ ജീവിതത്തിലെ ആദ്യത്തെയും മറക്കാനാവാത്തതുമായ അനുഭവമായിരുന്നു. ബോയ് കേഡറ്റുകൾ ആ അവസരം നന്നായി ഉപയോഗപ്പെടുത്തി. അവരുടെ പാട്ടും നൃത്തവും കഴിഞ്ഞപ്പോൾ ഞങ്ങളുടെ exo കുഞ്ഞിരാമൻ സാർ ഞങ്ങൾ ഗേൾസിനോടും എന്തെങ്കിലും അവതരിപ്പിക്കാൻ പറഞ്ഞു. ഞങ്ങൾ ഒരുപാട് പാടുകയും നൃത്തം ചെയ്യുകയും ചെയ്തു. ഈ ക്യാമ്പ് ഒരിക്കലും അവസാനിക്കാതിരുന്നെങ്കിൽ എന്ന് ഞാനാനിമിഷങ്ങളിൽ അതിയായി ആഗ്രഹിച്ചുപോയി. എല്ലാം കഴിഞ്ഞ് ഉറങ്ങാൻ ചെന്നപ്പോഴേക്കും ഒരുപാട് വൈകി.

ജൂലായ് ഇരുപത് അന്ന് ഞങ്ങൾ ക്യാമ്പിനോട് വിട പറഞ്ഞു. ഒരു യാത്രപറയലിന്റെ തിരക്കിലാണ് എല്ലാവരും. പിരിയുകയാണെല്ലോ എന്ന നൊമ്പരത്തോടെയും അതേ സമയം വീട്ടിലെത്താമല്ലോ എന്ന സന്തോഷത്തിലുമായിരുന്നു ഞാൻ. ഒരു നീണ്ട യാത്രയ്ക്കിടയിൽ ഏതോ വഴിയമ്പലത്തിൽ കയറിയപ്പോൾ കണ്ടു മുട്ടിയ ആ മുഖങ്ങൾ.... അവ സൗഹൃദത്തിന്റെ വർണ്ണമയിൽ പീലിത്തുണ്ടുകളായിരുന്നു. മാനം കാണാതെ സൂക്ഷിക്കാൻ കാലം എനിക്ക് നല്കിയ മയിൽപീലിത്തുണ്ടുകൾ.